## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2308** **09.03.2018-ന് മറുപടിയ്ക്ക്**

## വന സംരക്ഷണത്തിനായി പദ്ധതി

**ചോദ്യം** **മറുപടി**

**ശ്രീ. പി.കെ.ബഷീർ**

**അഡ്വ.കെ.രാജു.**
**(ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | വനസംരക്ഷണത്തിനായി നടപ്പാക്കി വരുന്ന പദ്ധതികളുടെ ഓരോന്നിന്റെയും ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | വനഭൂമിയുടെയും, വന്യജീവികളുടെയും, അവയുടെ ആവാസ വ്യവസ്ഥകളുടെയും സംരക്ഷണം ആണ് പ്രധാനമായും ലക്ഷ്യമിടുന്നത്. |
| (ബി) | പ്രകൃതി വിഭവങ്ങൾ , ആവാസ വ്യവസ്ഥ, നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന അപൂർവ്വ ഇനം സസ്യ- ജന്തു ജാലങ്ങൾ എന്നിവയുടെ സംരക്ഷണത്തിനായി എന്തെല്ലാം പ്രവർത്തനങ്ങളാണ് ഇവയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വ്യക്തമാക്കുമോ; | (ബി) | വനസംരക്ഷണത്തിനും, വനപരിപാലനത്തിനുമായി ചുവടെ പറയുന്ന പ്രവൃത്തികൾ ചെയ്തു വരുന്നു.<br>1. വനാതിർത്തിസർവ്വേയും ജണ്ട നിർമ്മാണവും<br>2. മറ്റു വകുപ്പുകളിൽ നിന്നും പരിസ്ഥിതി പ്രാധാന്യമുള്ള കണ്ടൽക്കാടുകൾ/ പുറമ്പോക്കുകൾ തുടങ്ങിയ സ്ഥലങ്ങളും, റിസർവ്വ് വനമായി പ്രഖ്യാപിക്കാത്ത വനഭൂമികളും റിസർവ്വ് വനമായി പ്രഖ്യാപിച്ച് സംരക്ഷിക്കുന്നതിനുള്ള നടപടികൾ.<br>3. കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ<br>4. പുതുതായി ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിക്കൽ<br>5. ബീറ്റ് ഫോറസ്റ്റ് ഓഫീസർ/ സെക്ഷൻ ഫോറസ്റ്റ് ഓഫീസർ-മാരുടെ സർവ്വെ ട്രെയിനിംഗ്<br>6. വനം വകുപ്പുമായി ബന്ധപ്പെട്ട പുരാതന രേഖകൾ സൂക്ഷിക്കുന്നതിനായി നൂതന രീതിയിലുള്ള ഒരു റിക്കാർഡ് റൂം സ്ഥാപിക്കുന്നതിനുള്ള നടപടികൾ.<br>7. വനം കയ്യേറ്റങ്ങൾ തടയുന്നതിനുള്ള നടപടികൾ<br>8. വനത്തിനുള്ളിൽ ജല ലഭ്യത ഉറപ്പ് വരുത്തൽ<br>9. വനത്തിനുള്ളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ച് വനവിഭവങ്ങളുടെയും, വന്യജീവികളുടെയും സംരക്ഷണം.<br>10. സംരക്ഷണം നൂതന സാങ്കേതിക വിദ്യകളുടെ സഹായത്തോടെ മറയൂർ ചന്ദന ഡിപ്പോയുടെ സംരക്ഷണം.<br>11. പങ്കാളിത്ത വനപരിപാലനം. |

| | | | |
|---|---|---|---|
| (സി) | നിലവിൽ സംസ്ഥാനത്തെ വനവിസ്തൃതി എത്ര ശതമാനമാണ്; കഴിഞ്ഞ പത്ത് വർഷക്കാലയളവിൽ വന വിസ്തൃതി കുറഞ്ഞത് എത്ര ശതമാനമാണ്; വിശദമാക്കാമോ ? | (സി) | സംസ്ഥാനത്തെ വനവിസ്തൃതി 29.10 ശതമാനമാണ്. കഴിഞ്ഞ പത്ത് വർഷക്കാലയളവിൽ വന വിസ്തൃതി കുറഞ്ഞിട്ടില്ല. |

**സെക്ഷൻ ഓഫീസർ**